പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2785

06.02.2018 -ലെ മറുപടിയ്ക്ക്

## ലേബർ ഇന്റലിജൻസ് സെല്ലിന്റെ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ. കെ.ദാസൻ<br>ശ്രീ. വി.ജോയി<br>ശ്രീ. പി.ഉണ്ണി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സ്ഥാപന പരിശോധനകളിലൂടെ തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാതലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപങ്ങളിൽ പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. ഇതുകൂടാതെ പ്രത്യേക തൊഴിൽ മേഖലകളിൽ സ്പെഷ്യൽ പരിശോധനകളും നടത്താറുണ്ട്. 2016 ൽ ടെക്സ്റ്റൈൽ മേഖലയിലും 2017 ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്. തൊഴിൽ നിയമലംഘനങ്ങൾ പ്രധാനമായും കണ്ടെത്തുന്നത് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇത്തരം പരിശോധനകളിലൂടെയാണ്.<br><br>തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്യുന്നു. |

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന തൊഴിൽ മേഖലകളെ സംബന്ധിച്ചുള്ള പരാതികൾ അറിയിച്ച് പരിഹാരം കാണാവുന്നതാണ്. ഈ സംവിധാനങ്ങൾ മുഖേനയും തൊഴിൽ നിയമലംഘനങ്ങൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തകരമായ തൊഴിലാളികൾ, സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം, സ്ത്രീ സൗഹൃദ അന്തരീഷം, തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും മാനദണ്ഡങ്ങൾ പാലിക്കാത്ത തൊഴിൽ സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയും.

തൊഴിൽ വകുപ്പിന്റെ 'ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽ.സി.എ.എസ്)' മുഖേന സ്വകാര്യ സ്ഥാപനങ്ങൾക്ക് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് റിന്യുവൽ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഇപ്രകാരം എൽ.സി.എ.എസ്. വഴി അറിയാൻ സാധിക്കുന്നു.

(ബി) തൊഴിൽ നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ കർശനമാക്കുന്നതിനും ഇത് സംബന്ധിച്ച പരാതികളിൽ അന്വേഷണം ഊർജ്ജിതമാക്കുന്നതിനും തൊഴിൽ വകുപ്പിന് കീഴിൽ ലേബർ ഇന്റലിജൻസ് സെൽ രൂപീകരിക്കാൻ

(ബി)എൻഫോഴ്സ്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും പ്രാപ്തമാകത്തക്ക രീതിയിൽ ലേബർ ഇന്റലിജൻസ് സെല്ലിന് രൂപം നൽകുന്നതിനും കരട് തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

| | |
|---|---|
| (സി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഘടന എപ്രകാരമായിരിക്കുമെന്നും വിശദമാക്കാമോ; | (സി) & (ഡി) ലേബർ ഇന്റലിജൻസ് സെല്ലിന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവയ്ക്ക് രൂപം കൊടുത്തിട്ടില്ല. |
| (ഡി) അസംഘടിത തൊഴിൽ മേഖലയിലുണ്ടാകുന്ന അവകാശ ലംഘനങ്ങൾക്കെതിരെ എന്തെല്ലാം ഇടപെടലുകളാണ് പ്രസ്തുത സെൽ മുഖേന നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**